"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആയുഷ്- ആയുർവേദ പാരാമെഡിക്കൽ കോഴ്സുകൾ സംബന്ധിച്ച മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കമ്മിറ്റി രൂപീകരിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.474/2024/AYUSH　　　　തീയതി,തിരുവനന്തപുരം, 17-12-2024

---

പരാമർശം:-　　20.11.2024 ന് ബഹു ആരോഗ്യ വനിത ശിശു വികസന വകുപ്പ് മന്ത്രി വിളിച്ചുചേർത്ത യോഗത്തിന്റെ നടപടിക്കുറിപ്പ്

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് ആയുർവേദ പാരാമെഡിക്കൽ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിക്കുന്നതിന് പരാമർശം (1) ലെ യോഗ തീരുമാന പ്രകാരം നാഷണൽ ആയുഷ് മിഷൻ സ്റ്റേറ്റ് മിഷൻ ഡയറക്ടർ അദ്ധ്യക്ഷനായും ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ കൺവീനറായും ആയുഷ് വകുപ്പ് ജോയിന്റ് സെക്രട്ടറി , പ്രിൻസിപ്പൽ , ഗവ. ആയുർവേദ കോളേജ് ,തിരുവനന്തപുരം , 3സബ്ജക്ട് എക്സ്പേർട്ട് (സർക്കാർ ആയുർവേദ കോളേജിലെ അദ്ധ്യാപകർ - 2 , എയ്ഡഡ് കോളേജിലെ അദ്ധ്യാപകർ -1) എന്നിവർ അംഗങ്ങളായും കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. പ്രസ്തുത കമ്മിറ്റി ആയുർവേദ മേഖലയിലെ പാരാമെഡിക്കൽ കോഴ്സുകൾ സംബന്ധിച്ച മാനദണ്ഡങ്ങൾ നിശ്ചയിച്ച് രണ്ട് മാസത്തിനകം റിപ്പോർട്ട് സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ടതാണ്. ആയുർവേദ ഡിപ്ലോമ കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ചും നിലവിലുള്ള മൂന്ന് പാരാമെഡിക്കൽ കോഴ്സുകൾക്ക് പുറമെ പുതിയ ആയുർവേദ പാരാമെഡിക്കൽ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള സാധ്യതയും ടി കമ്മിറ്റി പരിശോധിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

സ്റ്റേറ്റ് മിഷൻ ഡയറക്ടർ ,നാഷണൽ ആയുഷ് മിഷൻ , തിരുവനന്തപുരം
ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ,തിരുവനന്തപുരം
പ്രിൻസിപ്പൽ ,ഗവ. ആയുർവേദ കോളേജ് ,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ആഡിറ്റ്) ,കേരള ,തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Baiju G
സെക്ഷൻ ഓഫീസർ
Date: 17-12-2024 16:52:44

പകർപ്പ് :

ബഹു ആരോഗ്യ വനിത ശിശു വികസന  വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ആയുഷ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സി.എ.യ്ക്ക്
ആയുഷ് വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ .യ്ക്ക്